## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 676

29.06.2011-ൽ
മറുപടിയ്ക്കു്

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ സ്വർണ്ണത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് നടപടി

ചോദ്യം
ശ്രീമതി. പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ബഹുമാനപ്പെട്ട ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ സ്വർണ്ണത്തിന്റെ അളവ് തിട്ട പ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ തിരുവാഭ .രണങ്ങളുടെ പരിശോധന സംബന്ധിച്ച നടപടികൾ തുടർന്നു വരുന്നു. പല ദേവസ്വങ്ങളിലെയും തിരുവാഭരണ രജിസ്റ്ററുകൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ചതിനെ തുടർന്ന്, തിരുവാഭരണം ഡെപ്യൂട്ടി കമ്മീഷണറാഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ സ്കാൻ ചെയ്ത് പുതിയ രജിസ്റ്റർ ഉണ്ടാക്കുന്ന നടപടിയും അതോടൊപ്പം സ്വർണ്ണശേഖരത്തിന്റെ കണക്കെടുപ്പും ദേവസ്വം ബോർഡിൽ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ക്ഷേത്രങ്ങളിലെല്ലാം കൂടി തിട്ടപ്പെടുത്തിയിട്ടുള്ള സ്വർണ്ണത്തിന്റെ അളവ് എത്രയാണെന്ന് അറിയിക്കുമോ; | (ബി) | ഇപ്പോൾ നടന്നു വരുന്ന കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. എന്നാൽ 2008-ൽ ശബരിമല ഒഴികെയുള്ള ദേവസ്വങ്ങളിലെ കണക്കെടുപ്പനുസരിച്ച് 686 കിലോഗ്രാം 85 ഗ്രാം 570 മില്ലി ഗ്രാം സ്വർണ്ണം ഉണ്ടായിരുന്നു. |
| (സി) | പ്രസ്തുത സ്വർണ്ണം അപഹ രിക്കപ്പെടുകയോ നഷ്ടപ്പെ ടുകയോ ചെയ്തത് സംബന്ധിച്ച് ബോർഡിന് രേഖാമൂലം ലഭി ച്ചിട്ടുള്ള പരാതികൾ എത്ര യാണെന്ന് വ്യക്തമാക്കാമോ; | (സി) (ഡി) (ഇ) & (എഫ് | കൊട്ടാരക്കര ഗ്രൂപ്പിൽ വെണ്ടാർ ദേവസ്വത്തിലെ കാണിക്ക എണ്ണിതിട്ടപ്പെടുത്തിയപ്പോൾ ലഭിച്ച സ്വർണ്ണവകകൾ നഷ്ടപ്പെട്ടതു സംബന്ധിച്ച് അന്നത്തെ അസിസ്റ്റന്റ് കമ്മീഷണറുടെയും സബ് ഗ്രൂപ്പാഫീസറുടെയും പേരിൽ കൊട്ടാരക്കര പോലീസിൽ കേസ് ചാർജ്ജ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. അമ്പലപ്പുഴ ദേവസ്വത്തിലെ |

| | |
|---|---|
| (ഡി) പ്രസ്തുത പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | സ്വർണ്ണമുത്തുക്കുടയുടെ പിടിയിലെ സ്വർണ്ണ തകിട് നഷ്ടപ്പെട്ടുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് അന്വേഷണം നടത്തിയിട്ടുള്ളതും ആയത് 1986 ന് മുമ്പ് തന്നെ നഷ്ടപ്പെട്ടതായി ബോർഡിന് പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതുമാണെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.. ഉത്തരവാദികളുടെ പേരിൽ നടപടി സ്വീകരിക്കാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഇ) എങ്കിൽ പ്രസ്തുത സംഭവത്തിൽ എത്ര ദേവസ്വം ബോർഡ് ജീവനക്കാരുടെ അനാസ്ഥ വെളിപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | |
| (എഫ്) പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ